(സി) ഒ.പി. നമ്പർ 3509/00-ൽ ആലുവ ഐശ്വര്യ നഗർ ഹൗസിംഗ് കോളനിയിലെ മുൻവശത്ത് ലോറി പാർക്കിംഗ് അനുവദിക്കരുതെന്നും അവിടെ ഉള്ള ബസ്സ് സ്റ്റോപ്പ് മാറ്റണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 14-8-2000-ലെ പ്രസ്തുത കേസിലുള്ള ഉത്തരവ് അനുസരിച്ച് മേൽ നടപടി കോളനിക്കു മുൻപിലുള്ള ബസ്സ് സ്റ്റോപ്പ് കെ.എസ്.ആർ.ടി.സി. ഗ്യാരേജിലുള്ള തൊഴിലാളികൾ ഉപയോഗിക്കുന്നതായതുകൊണ്ട് അവിടെ നിന്നും മാറ്റേണ്ട ആവശ്യം ഇല്ലെന്നും എന്നാൽ ലോറി പാർക്കിംഗ് സംബന്ധിച്ച് പഞ്ചായത്ത് അധികൃതർ കോളനിയിൽ അധിവസിക്കുന്നവരുടെ അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ എടുക്കണം എന്നുമാണ് ഉത്തരവായത്. മേൽപ്പടി കേസിൽ ഒന്നാമത്തെ കക്ഷി ചൂർണ്ണിക്കര പഞ്ചായത്തും പഞ്ചായത്തിനെ പ്രതിനിധീകരിച്ച് സെക്രട്ടറിയും ആണ്. എന്നിരുന്നാലും ഈ കാര്യത്തെപ്പറ്റി അന്വേഷിച്ചതിൽ മേൽപ്പടി കോളനിയുടെ ഗേറ്റിനു മുന്നിൽ സുഗമമായ സഞ്ചാരത്തിന് വിഘാതമായി ലോറി പാർക്കിംഗ് ഇല്ല എന്നാണ് അറിയുന്നത്. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി കോടതിയുടെ ഉത്തരവുകൾ നടപ്പിലാക്കാത്തതായി ഒന്നുമില്ല.

(ഡി) ഉത്തരവുകൾ നടപ്പിലാക്കാത്ത ആർ.ടി.ഒ.മാർ ആരുമില്ല.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) 22-10-2003-ൽ കൂടിയ ആർ.ടി.എ. യോഗത്തിൽ ഇതു സംബന്ധിച്ച ഒരു വിഷയവും ചർച്ചയ്ക്ക് വയ്ക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

(ജി) കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതിന് കാലതാമസമോ വീഴ്ചയോ ഉണ്ടായിട്ടില്ല.

സ്കൂൾ വിദ്യാർത്ഥികളെ അമിതമായി വാഹനങ്ങളിൽ നിറച്ച് നടത്തുന്ന യാത്രകൾക്കെതിരെ നടപടി

91. [1297] ശ്രീ. തന്നാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടോറിക്ഷകളിലും മറ്റു വാഹനങ്ങളിലും സ്കൂൾ വിദ്യാർത്ഥികളെ കുത്തിനിറച്ച് രാവിലെയും വൈകുന്നേരവും യാത്ര ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ അപകടം പിടിച്ച യാത്രകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമ വിരുദ്ധമായും അപകടകരമായും വിദ്യാർത്ഥികളെ കയറ്റികൊണ്ടു പോകുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇനി ആവർത്തിക്കാതിരിക്കാൻ താഴെപറയുന്ന നിബന്ധനകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ പെർമിറ്റിന് ബാധകമാക്കണമെന്ന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

1. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ അതോ വാടകയ്ക്ക് എടുക്കുന്നതോ ആയ ബസ്സിന്റെ ഡ്രൈവർക്ക് പത്ത് വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയം ഉണ്ടായിരിക്കണം.

2. വിദ്യാഭ്യാസ സ്ഥാപനത്തിലെ ബസ്സിന്റെ ഡ്രൈവർ അശ്രദ്ധമായോ, അപകടകരമായോ, മദ്യപിച്ചോ വാഹനം ഓടിച്ചതിന് ശിക്ഷിക്കപ്പെട്ട വ്യക്തിയാകരുത്.

3. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹനത്തിന് സ്പീഡ് ഗവേർണർ ഘടിപ്പിച്ചിരിക്കണം. വേഗതാ പരിധി 40 കി. മീ./മണിക്കൂർ ആയിരിക്കണം.

4. വിദ്യാഭ്യാസ സ്ഥാപനത്തിനുവേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന് 1-6-2004-ന് മുമ്പായി സ്പീഡ് ഗവേർണർ ഘടിപ്പിച്ചിരിക്കണം.

5. ശാരീരികക്ഷമതയുള്ള ഒരോ അറ്റന്റന്റ് വാഹനത്തിന്റെ ഓരോ വാതിലിലും ഉണ്ടായിരിക്കണം.

6. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബസ്സിൽ കയറ്റാവുന്ന യാത്രക്കാരുടെ എണ്ണം കേരള മോട്ടോർ വാഹന ചട്ടത്തിന്റെ 221 ചട്ടത്തിൽ പറഞ്ഞിരിക്കുന്നതിൽ കൂടാൻ പാടില്ല. (12 വയസ്സിൽ താഴെയുള്ള കുട്ടികൾ പകുതിയായും മുകളിലുള്ള കുട്ടികൾ ഒന്നായും കണക്കാക്കി പാസഞ്ചർ കപ്പാസിറ്റി നിശ്ചയിക്കണം).

7. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹനത്തിൽ എല്ലാ ഡോറിലും ഷട്ടർ നിർബന്ധമാണ്.

ആർ. ടി. ഒ. മാരുടെ സ്ഥലംമാറ്റം

92 [1298] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർ.ടി.ഒ.-മാരുടെ സ്ഥലംമാറ്റത്തിൽ കൈക്കൊള്ളുന്ന മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആർ.ടി.ഒ.-മാരെ സ്ഥലംമാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ ജി. ഒ. (ആർ.ടി.) നമ്പർ 129/2002/ട്രാൻ. തീയതി 10-5-2002-ലെ മാനദണ്ഡമനുസരിച്ച് ഒരു സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയാക്കിയ ആർ.ടി.ഒ.-മാരെയാണ് സ്ഥലംമാറ്റുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 5 ആർ.ടി.ഒ.-മാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly